# ST.XAVIER'S CUPS PUDUKAD

# ACADEMIC

# MASTER PLAN

# 2025-2026

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിൽ അക്കാദമിക മാസ്റ്റർ പ്ലാൻ നിർണായക പങ്കുവഹിക്കുന്നു, പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുകൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക, കുട്ടികളിൽ ജിജ്ഞാസ ഉളവാക്കുംവിധം പ്രവർത്തനങ്ങൾ നടത്തുക എന്നീ വിശാലമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരമാക്കാനും  കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാനും അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ പ്രാവീണ്യം ഉറപ്പാക്കാനായി നിരവധി  പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റര്ഡ പ്ലാനിൽ ഒരുക്കിയിട്ടുണ്ട്.

## നാഴികക്കല്ലുകൾ

1929 - സെന്റ്. സേവിയേഴ്സ് കോൺവെന്റ് യു. പി. സ്കൂൾ (പള്ളിയിൽ)

1935 - പുതിയ സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

1936 - പുതിയ സ്കൂൾ കെട്ടിടം ഉദ്ഘാടനം.

1945 - ലോവർ സെക്കന്ററി ആരംഭിച്ചു.

1954 - സ്കൂളിന്റെ രജതജൂബിലി ആഘോഷം.

1968 - ഉച്ചഭക്ഷണപുരയും നേഴ്സറിക്ലാസും ആരംഭിച്ചു.

1979 - സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷം.

1990 - ബെസ്റ്റ് സ്കൂൾ അവാർഡ്.

1994 - ബെസ്റ്റ് സ്കൂൾ അവാർഡ്.

1998 - ന്യൂഗ്രൗണ്ട്,ന്യൂ സ്റ്റേജ് ഉദ്ഘാടനം.

2003 - ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു.

2004 - പ്ലാറ്റിനം ജൂബിലി ആഘോഷം.

2004 - കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം.

2006 - സാനിറ്ററി പുനരുദ്ധാരണം.

2006 - സാനിറ്ററി പുനരുദ്ധാരണം.

2009 - പുതിയ സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

2011 - സ്കൂളിനായി പുതിയ കിണർ.

2011 - സാനിറ്ററി പുദ്ധാരണം.

2012 - പുതിയ സ്കൂൾ കെട്ടിടം ഉദ്ഘടാനം

2012 - പുതിയ റോഡ്.

2012 - സൈക്കിൾ ഷെഡ്.

2013 - സ്കൂൾ ബസ്.

2014 - കമ്പ്യൂട്ടർ ലാബ് ശാക്തീകരണം.

2014 - ശുചിത്വ വിദ്യാലയ അവാർഡ്.

2015 - സ്റ്റേറ്റ് ശാസ്ത്രോത്സവം , സോഷ്യൽ സയൻസ് ഓവർ ഓൾ ചാംപ്യൻഷിപ്

2015 - എം എൽ എ ഫണ്ട് 6 - കമ്പ്യൂട്ടർ

# വിദ്യാലയ മികവുകൾ

- ഹൈടെക് ക്ലാസ് റൂമുകൾ
- കമ്പ്യൂട്ടർ ലാബ്
- സ്കൂൾ ലൈബ്രറി
- ഹരിത വിദ്യാലയം
- പച്ചക്കറിത്തോട്ടം
- ഔഷധത്തോട്ടം
- ശലഭോദ്യാനം
- മഴക്കുഴികൾ
- ജൈവ കമ്പോസ്റ്റ്
- സ്കൂൾ ബസ്സ്
- വിവിധ ഭാഷാ അസംബ്ലി
- വിദ്യാരംഗം സാഹിത്യവേദി
- സജീവമായ ക്ലാസ് പി.ടി.എ
- ഭവനസന്ദർശനം
- സയൻസ് ലാബ്
- നഴ്സറി ക്ലാസുകൾ
- ഉച്ചഭക്ഷണപുര
- അബാക്കസ് പരിശീലനം
- ചെസ്സ് പരിശീലനം
- കരാട്ടെ യോഗ പരിശീലനം
- ശിശു സൗഹൃദ പാർക്ക്
- സംഗീത ക്ലാസുകൾ
- ഫുട്ബോൾ പരിശീലനം
- പൂർവ്വവിദ്യാർത്ഥി സംഘടന
- യു.ട്യൂബ് ചാനൽ

# പൊതുലക്ഷ്യങ്ങൾ

- ഒന്ന്, രണ്ട് ക്ലാസുകളിൽ ഭാഷാപഠനത്തിന് പ്രാധാന്യം നൽകി സ്വതന്ത്ര രചനക്കായി കുട്ടികളെ പ്രാപ്തരാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.
- ഐ.സി.ടി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ലൈബ്രറി വികസനം സാധ്യമാക്കുക.
- ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം കുട്ടികളിൽ ഉണർത്തുക.
- യു.പി.തലത്തിൽ ഭാഷാവിഷയങ്ങളായ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നിവ സംസാരിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷികൾ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കുന്നു.
- പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കോച്ചിംഗ് ക്ലാസുകൾ എൽ.എസ്.എസ്, യു.എസ്.എസ്. പ്രതിഭകളെ വാർത്തെടുക്കുന്നു.
- ശാസ്ത്രമേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നു.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്ന കായികപരവും കലാപരവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്നു.
- എല്ലാ വിദ്യാർത്ഥികളുടേയും ഭവനങ്ങൾ സന്ദർശിക്കുന്നു.
- വിദ്യാർത്ഥികൾ കൗൺസിലിങ്ങ് ആവശ്യമായവർക്ക് നടത്തികൊടുക്കുന്നു.

# പ്രവർത്തന പദ്ധതി [2025-2026]

**മലയാള തിളക്കം** - മലയാളം എഴുതുവാനും വായിക്കുവാനും ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്കായുള്ള പരിശീലന ക്ലാസ് .എല്ലാ പ്രവർത്തിദിനങ്ങളിലും 2.45pm -3.30pm

**OTHER ACTIVITIES**; കുട്ടികളിലെ സമഗ്ര വളർച്ച ലക്ഷ്യമിട്ട്, കുട്ടികളുടെ അഭിരുചിക്കനുസൃതം മറ്റു പ്രവർത്തനങ്ങളിലും പങ്ക് എടുക്കാൻ അവസരമൊരുക്കുന്നു .എല്ലാ ബുധനാഴ്ചയും 2.45pm -3.30pm [KARETE,CHESS,MUSIC,DANCE,DRAWING,PAPER CRAFT,YOGA,ABACUS ]

**CLUB ACTIVITIES ;** വിവിധ സംഘടനകളിലും ക്ലബ് പ്രവർത്തനങ്ങളിലും പങ്ക് എടുക്കാൻ അവസരമൊരുക്കുന്നു GUIDING,BULBUL,ECHO CLUB,HEALTH CLUB,ENGLISH CLUB,SOCIAL CLUB,SCIENCE CLUB.MATHS CLUB എല്ലാ വെള്ളിയഴ്ചയും2.45pm -3.30pm

**SCHOOL LEVEL COMPETITIONS**;RED,BLUE,GREEN HOUSE കളായി കുട്ടികളെ തിരിച്ചു ARTS,SPORTS,WORK EXPERIENCE COMPETITIONS നടത്തി വിജയികൾക്ക് സമ്മാനങ്ങൾ [CERTIFICATES] നൽകുന്നു .WE-JULY,SPORTS- AUGUST,ARTS-SEPTEMBER,

**DAY CELEBRATIONS**; ഓരോ മാസവും ഓരോ ക്ലാസ്സിലെ അധ്യാപകർ അതിനു നേതൃതം വഹിക്കുന്നു.

**LSS,USS PRACTICE CLASSES;** രാവിലെയും ഉച്ചതിരിഞ്ഞും പ്രത്യേക പരിശീലന ക്ലാസ്നൽകുന്നു.

**NEWS PAPER QUIZ;** എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ മാസവും QUIZ എടുക്കുന്നു.

Std 1 & 2

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | ♦ വായന<br>♦ ലേഖനം<br>♦ ചിത്രകഥ | ♦ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.<br>♦ അക്ഷരങ്ങൾ, പദങ്ങൾ, വാക്യരചന എന്നിവ ഉറപ്പിക്കുന്നു. | ♦ ചിത്രവായന<br>♦ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>♦ ചിത്ര രചന<br>♦ പരിചിതമായ ആശയത്തെ അടിസ്ഥാനമാക്കി ലഘുചിത്രങ്ങൾ വരയ്ക്കുന്നു. ചെറിയ പദങ്ങൾ താഴെ എഴുതുന്നു.<br>♦ ക്ലാസ്സ് പി.ടി.എ. യിൽ സചിത്ര പുസ്തകം എന്ന ആശയം അവതരിപ്പിക്കുന്നു.<br>♦ ശില്പശാല സംഘടിപ്പിച്ച് യൂണിറ്റ് 2 പാഠഭാഗത്തിനാവശ്യമായ പഠനോപകരണങ്ങൾ ഒരുക്കുന്നു.<br>♦ അക്ഷര കാർഡുകളുടെ സഹായത്തോടെ പരിചിതമായ പദങ്ങൾ സ്വയം കണ്ടെത്തുന്നു. എഴുതുന്നു.<br>♦ ചിത്രങ്ങളുടെ സഹായത്തോടെ കഥകൾ പൂർത്തീകരിക്കുന്നു.<br>♦ പഠിച്ച പാഠഭാഗങ്ങളിലെ ഊന്നൽ നൽകിയ അക്ഷരങ്ങൾക്ക് പ്രാധാന്യം നൽകി ചിത്രസഹായത്തോടെ ലഘുവായനാ കാർഡുകൾ കുട്ടികൾ സ്വയം തയ്യാറാക്കുന്നു.<br>♦ കണ്ടെത്തൽ വായന, ചങ്ങല വായന ഭാവാത്മക വായന, ക്രമത്തിൽ വായന എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. | June<br><br>July<br><br>August & September | Teacher<br><br>M.P.T.A. & Teacher<br><br>Teacher & ICT Trainer | |

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | ◆ വായന<br>◆ ലേഖനം<br>◆ ചിത്രകഥ | ◆ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.<br>◆ അക്ഷരങ്ങൾ, പദങ്ങൾ, വാക്യരചന എന്നിവ ഉറപ്പിക്കുന്നു. | ◆ ടീച്ചറും രക്ഷിതാക്കളും കഥകൾ ഭാവാത്മാകമായി കേൾക്കാനും പറയാനുമുള്ള അവസരം നൽകുന്നു. (ബാലസഭ, കഥ പറയൽ മത്സരം...)<br>◆ ശിൽപശാല നടത്തി പഠനോപകരണങ്ങളുടെ നിർമ്മാണം ഉറപ്പാക്കുന്നു.<br>◆ ലളിതമാ വായനാകാർഡുകൾ സ്വയം വായിക്കാൻ അവസരം നൽകുന്നു.<br>◆ ചിത്ര കാർഡുകൾ നൽകുന്നു. ചിത്രങ്ങളെ ആസ്പദമാക്കി ലഘുപദങ്ങൾ, വാക്യങ്ങൾ കണ്ടെത്തി എഴുതുന്നു. ചിത്രവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് സ്വന്തമായി കഥ പറയാൻ അവസരം ഒരുക്കുന്നു.<br>◆ പഠനോപകരണ ശിൽപശാല നടത്തുന്നു.<br>◆ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി വായനോത്സവം സംഘടിപ്പിക്കുന്നു.<br>◆ കുട്ടികളേയും രക്ഷാകർത്താക്കളുടെയും രചനകളെ ഉൾപ്പെടുത്തി രചനോത്സവം സംഘടിപ്പിക്കുന്നു. പ്രാദേശിക എഴുത്തുകാരെ പരിചയപ്പെടുത്തുന്നു.<br>◆ കുട്ടികളിൽ തന്നെ മികച്ച രചയിതാക്കളെ കണ്ടെത്തി അവരുടെ രചനകൾ ഉൾപ്പെടുത്തി കുഞ്ഞു ബാലസാഹിത്യ കൃതികളുടെ പ്രകാശനം നടത്തുന്നു. | October<br>November<br>December<br>January<br>February<br>March<br>June<br>March | Teacher<br>Teacher & Class P.T.A<br>P.T.A<br>M.P.T.A. | |

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | സംയുക്തഡയറി | ♦ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുന്നു<br>♦ സ്വന്തം അനുഭവങ്ങൾ എഴുതി പ്രകടിപ്പിക്കുന്നു.<br>♦ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.<br>♦ ഭാഷാ ശേഷി വികസിപ്പിക്കുന്നു.<br>♦ ഭാഷാ ശേഷി വികസിപ്പിക്കൽ<br>♦ അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാക്കൽ<br>♦ വ്യക്തിഗതം ആയി ഡയറി തയ്യാറാക്കൽ (എന്റെ ഡയറി) | **ഡയറി പരിചയപ്പെടാം**<br>♦ ഡയറിയുടെ മോഡൽ കാണിച്ചു കൊടുക്കുന്നു<br>♦ ക്ലാസ്സ് പി.ടി.എ. യിൽ ഡയറി എഴുത്തിന്റെ ഘടന പരിചയപ്പെടുത്തുന്നു.<br>**എന്റെ അനുഭവം**<br>♦ സ്വന്തം അനുഭവങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>♦ കൗതുകം ഉള്ള ഡയറി കുറിപ്പുകൾ ക്ലാസ്സിൽ പങ്ക് വയ്ക്കുന്നു.<br>♦ ക്ലേ, മൈദ എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് ഇഷ്ടമുള്ള വസ്തുക്കൾ, ജീവികൾ എന്നിവ നിർമ്മിക്കാൻ അവസരം നൽകുന്നു.<br>**എന്റെ സ്വന്തം ഡയറി**<br>♦ വ്യക്തിഗതമായി സ്വയം ഡയറി കുറിപ്പുകൾ എഴുതാനുള്ള അവസരം നൽകുന്നു.<br>♦ ഡയറി പൂർത്തിയാക്കുന്നതിനുള്ള പിന്തുണ നൽകുന്നു.<br>♦ സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>♦ പരസ്പരം കൈമാറി നോക്കാനുള്ള അവസരം നൽകുന്നു.<br>♦ വ്യക്തിഗതമായി സംയുക്ത ഡയറി തയ്യാറാക്കുന്നു. | June<br>July<br>September<br>October<br>November<br>December<br>January<br>February<br>March | Teacher<br>P.T.A<br>Teacher<br>C.P.T.A | |

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | ◆ കുത്തെഴുത്ത് (സചിത്ര പുസ്തകം)<br>◆ കൂട്ടെഴുത്ത്<br>◆ റീഡേഴ്സ് തിയറ്റർ<br>◆ ക്ലാസ് പത്രം | ◆ പഠന പ്രവർത്തനങ്ങൾ സചിത്ര രൂപത്തിൽ അവതരിപ്പിക്കൽ<br>◆ കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആക്കൽ<br>◆ പരിസരപഠനം, കലാകായിക പ്രവൃത്തി പരിചയം<br>◆ കുട്ടികളെ മികച്ച വായനക്കാരായി മാറ്റൽ<br>◆ സന്ദർഭങ്ങളെയും പാഠഭാഗങ്ങളെയും റിഡേഴ്സ് തിയറ്ററിൽ അവതരിപ്പിക്കൽ<br>◆ ഭിന്നശേഷി പരിപോഷിപ്പിക്കൽ<br>◆ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചേർന്നു പോകാതെ എഴുതാൻ കഴിവു നേടുന്നു. | ◆ മുൻവർഷത്തെ സചിത്ര പുസ്തകം പരിചയപ്പെടുത്തൽ<br>◆ സചിത്ര പുസ്തകങ്ങളുടെ വിതരണം<br>◆ ശില്പശാലകളിലൂടെ പിന്തുണ ഉറപ്പാക്കൽ<br>◆ സചിത്ര പുസ്തകം ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ<br>◆ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രകൃതി പഠനസാധ്യതകൾ കണ്ടെത്തുന്നു. ആസൂത്രണം ചെയ്യുന്നു.<br>◆ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>◆ മെച്ചപ്പെടുത്തലുകൾ നടത്തി പതിപ്പുകൾ തയ്യാറാക്കുന്നു.<br>◆ രചനോത്സവത്തിലും, ഭാഷോത്സവത്തിലും അവതരിപ്പിക്കുന്നു.<br>◆ ക്ലാസ് പി.ടി.എ. യിൽ റീഡേഴ്സ് തിയറ്റർ ആശയം പങ്കിടൽ<br>◆ ഏകദിന റീഡേഴ്സ് തിയറ്റർ ശില്പശാല സംഘടിപ്പിക്കൽ<br>◆ എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, കൃതികൾ തിയ്യറ്ററിൽ അതരിപ്പിക്കൽ<br>◆ ഭാഷോത്സവത്തിൽ മികച്ചവ അതരിപ്പിക്കൽ<br>◆ ക്ലാസ് പി.ടി.എ. യിൽ അവതരണം<br>◆ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താരൂപത്തിൽ എഴുതുന്നു. | | | |

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | പാട്ടരങ്ങ് | ♦ കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കൽ<br>♦ കുട്ടി കവിതകൾ ആസ്വദിക്കൽ, അവതരിപ്പിക്കൽ<br>♦ ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിചേർക്കൽ<br>♦ ലേഖന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു<br>♦ സ്വന്തമായി എഴുതാനും വായിക്കാനും പ്രാപ്തരാക്കൽ | ♦ എഡിറ്റിംഗ് നടത്തുന്നു.<br>♦ ക്ലാസ് തലത്തിൽ പച്ചം തയ്യാറാക്കൽ<br>♦ അസംബ്ലിയിൽ വായിച്ചവതരിപ്പിക്കൽ<br>♦ രചനോത്സവം ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ<br>♦ പാഠഭാഗത്തേക്ക് ആവശ്യമായ പഠനോപകരണങ്ങൾ മാതാപിതാക്കളുടെ സഹായത്തോടെ ശില്പശാലയിൽ നിർമ്മിക്കുന്നു.<br>**താളം കണ്ടെത്താം**<br>♦ പാഠഭാഗത്തിലെ കവിതകൾക്ക് സമാനമായ കവിതകൾ കണ്ടെത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.<br>♦ ക്ലാസ് പി.ടി.എ. യിൽ അവതരിപ്പിച്ച് പ്രാദേശിക റിസോഴ്സുകൾ കണ്ടെത്തുന്നു.<br>പാട്ടരങ്ങ്<br>♦ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.<br>♦ കുട്ടികളുടെയും മാതാപിതാക്കളുടെയും സഹകരണത്തോടെ സംഗീതോപകരണങ്ങൾ നിർമ്മിക്കുന്നു.<br>♦ പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. അവതരിപ്പിക്കുന്നു.<br>എന്റെ വായനാകാർഡ്<br>പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനകാർഡുകൾ ആക്കുന്നു.<br>ഭാഷോത്സനത്തിൽ പാട്ടരങ്ങിലെ കവിതകൾ അവതരിപ്പിക്കുന്നു. | ജൂൺ<br><br>മാർച്ച | അധ്യാപകർ<br><br>PTA<br><br>പ്രാദേശിക റിസോഴ്സ് Person | |

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോ കനം |
|---|---|---|---|---|---|---|
| | രചനോത്സവം<br><br>ഭാഷോത്സവം | ലേഖന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു<br><br>സ്വന്തമായി എഴുതാനും വായിക്കാനും പ്രാപ്തരാക്കൽ | ◆ പാഠഭാഗസന്ദർഭങ്ങൾ പരിചയപ്പെടുത്തൽ<br>◆ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട രചനകൾ അവതരിപ്പിക്കൽ<br>◆ സന്ദർഭങ്ങളെ രചനകളാക്കൽ<br>◆ കുട്ടികളുടെ സ്വതന്ത്ര രചനകളിൽ നിന്നും മികച്ചവ കണ്ടെത്തുന്നു.<br>◆ പ്രാദേശിക കലാസാഹിത്യകാരൻമാരുടെ പിന്തുണ ഉറപ്പാക്കുന്നു.<br>◆ കുട്ടികളുടെ മികവുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കുന്നു. | | | |

## SUBJECT - ENGLISH

| Sl No. | Focus Area | AIM | Activities | Duration | Charge | Remarks |
|---|---|---|---|---|---|---|
| 1 | Listening and speaking | • Helps the students to listen English Language<br>• Enable the students to speak English fluently<br>• To Develop listening skills and reading skills | • Games, Action Song, Hello English activities ( To intridice different games like word games, ball passing ect.. students get a chance to speak English Words<br>• English Day | June to July | Teacher | |
| | | | • Presentation of action songs<br>• Conversations | August | Teacher & MPTA | |
| | | | • Describe the pictures (The teacher shows pictures. Children talk about the pictures | September to October | Teacher | |
| | | | • Arreanges the words in alphabatical order<br>• Adda lines to a poem ( Teacher play the audio of song childern sing after the audio and add lines to the poem) | November to December | Teacher | |
| | | | • Making sentences (By joining different word cards, students make different meaningful sentences) | January | Teacher | |
| | | | • Self Intriduction<br>• (All students get a chance to intriduce themselves) | February | Teacher and Class PTA | |
| | | | • Story presentation<br>• (Students rearrange the cards and present the story) | March | Teacher | |

വിഷയം : ഗണിതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | ◆ സംഖ്യാ ബോധം<br>◆ സങ്കലനം വ്യവകലനം | ◆ സംഖ്യകളെ തിരിച്ചറിയുന്നു<br>◆ സംഖ്യകളെ പട്ടികപ്പെടുത്തുന്നു<br>◆ ദൈനംദിന ജീവിതത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന വ്യവകലന ക്രിയകൾ പ്രയോജനപ്പെടുത്തുന്നു. | **സംഖ്യാചിത്രങ്ങൾ**<br>സംഖ്യാചിത്രങ്ങളുടെ സംഖ്യകളെ പരിചയപ്പെടുത്തുന്നു.<br>**കൂട്ടങ്ങളാക്കാം**<br>ലഭ്യമായ വസ്തുക്കളുടെ സഹായത്തോടെ സംഖ്യകളും കൂട്ടങ്ങളാക്കുന്നു. പരിചയപ്പെടുന്നു. | June<br>July | Teachers | |
| | | | **ഉല്ലാസപഠനം**<br>◆ ഉല്ലാസഗണിതത്തിലെ വിവിധ ഗെയിം കാർഡുകളുടെ സഹായത്തോടെ സങ്കലനം, വ്യവകലന ക്രിയകൾ പരിചയപ്പെടുത്തുന്നു. | July | Teachers and Class PTA | |
| | | | ◆ കൂട്ടാം, കുറയ്ക്കാം, കണ്ടെത്താം ഐ.സി.ടി. യുടെ സഹായത്തോടെ.<br>◆ വിവിധ സോഫ്റ്റ് വെയറിന്റെ പ്രയോജനത്തോടെ സങ്കലന വ്യവകലന ക്രിയകൾ പഠിക്കുന്നു. | August<br>September | Teachers | |
| | ◆ സംഖ്യാ വ്യാഖ്യാനം | ◆ ഒരു സംഖ്യയെ തന്നെ പല രീതിയിൽ വ്യാഖ്യാനിക്കാം | **ദൈനംദിന പ്രശ്നപരിഹരണം**<br>ദൈനംദിന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി സങ്കലന വ്യവകലന ക്രിയകൾ പരിചയപ്പെടുത്തുന്നു. | October<br>November | Teacher and MPTA | |
| | | | **സംഖ്യകളെ വ്യാഖ്യാനിക്കാം**<br>വിവിധ സംഖ്യകളുടെ Addittional Pair, substractional pairs എന്നിവ കാർഡുകളുടേയും വർക്ക് ഷീറ്റുകളുടേയും സഹായത്തോടെ കണ്ടെത്തുന്നു. | December | Teachers | |

വിഷയം : മലയാളം

Std 3 & 4

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | വായന | ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ<br><br>വായനാശേഷി വളർത്തൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം, കളികൾ, ആഭരണം ചേർക്കൽ, പദങ്ങൾ നിർമ്മിക്കൽ, കൂട്ടിവായന<br>ക്ലാസ് ലൈബ്രറി, പുസ്തക പരിചയം, പത്രവായന<br>വീട്ടു ലൈബ്രറി | ലക്ഷ്യം നേടുന്നതു വരെ<br>വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി<br>രക്ഷിതാക്കൾ<br>പി.ടി.എ.<br>ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |
| | ലേഖനം | എഴുത്ത് പരിപോഷണവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്<br><br>നാടൻ പാട്ടുകൾ വായ്ത്താരികൾ പരിചയപ്പെടൽ<br>സ്വയം രചനകളിൽ ഏർപ്പെടുന്നതിന് | അമ്മ വായന<br>പുസ്തകപരിചയം ( ആശയം, രചിയതാവ് ഇഷ്ടപ്പെട്ട കാര്യങ്ങൾ)<br>രചനാ പരിചയക്കുറിപ്പ് - പതിപ്പ് നിർമ്മാണം<br><br>നാടൻ പാട്ടുകളുടെ അവതരണം വായ്ത്താരികൾ സ്വയം തയ്യാറാക്കി അവതരിപ്പിക്കൽ<br>ഡയറി, അനുഭവവിവരണം എന്നിവ എഴുതൽ<br>ക്ലാസ്തല പ്രകാശനം | ആഗസ്റ്റ്<br>മാർച്ച്<br><br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി | എസ്.ആർ.ജി<br>എച്ച്.എം.<br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചേഴ്സ്<br>എസ്.ആർ. ജി. | |
| | അവതരണം | ഭാഷാപരമായി നേടിയ അറിവുകളെ സ്വതസിദ്ധമായ രീതിയിൽ അവതരിപ്പിക്കന്നൃതിന് കഴിവ് നേടുന്നതിന്<br>ക്ലാസ് പത്രം മാഗസിൻ എന്നിവ തയ്യാറാക്കുന്നതിന് കഴിവ് നേടുവാൻ | കടങ്കഥാ കേളി, റീഡേഴ്സ് തിയറ്റർ പാവനാടകം<br><br>ക്ലാസ് മാഗസിൻ<br>ക്ലാസ് പത്രം എന്നിവയുടെ പ്രകാശനം | ഫെബ്രുവരി<br><br>മാർച്ച് | ബാലസഭ<br>സി.പി.ടി.എ.<br><br>പഠനോത്സവം | |

**SUBJECT - ENGLISH**

| SI No. | Focus Area | AIM | Activities | Duration | Responsibilities | Source |
|---|---|---|---|---|---|---|
| | Listening<br><br>Speaking<br>Reading | To gain<br>Speak read and write in Englih Language | ◆ Listening stories slow learners<br>◆ games<br>◆ Phonetic pronounciation ( audio & video)<br>◆ Story telling<br>◆ show the pictures of the story and say the names of characters (slow learners)<br>◆ Role play presentation in Balasabha<br>◆ say about pictue or anything<br>◆ Conservation<br>◆ assembley in English tuesdays and Thursdays<br>◆ Reading Stories<br>◆ Comprehensive questions<br>◆ Draw pictures (slow learners)<br>◆ picture description | One year<br><br>November | Std III & IV Teachers | |
| | Writing | To gain<br>Speak<br>read and write in<br>English language | ◆ Narrate story using picture<br>◆ Make simple riddles<br>◆ Add more lines conversations in speech bubbles<br>◆ Make english corner in each class<br>◆ Reader's theatre presentation based on English lessons | July<br>Jan - Feb | Class Teacher | |

വിഷയം : പരിസരപഠനം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | നിരീക്ഷണം | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക<br>വിവിധ ആവാസവ്യവസ്ഥകൾ പ്രകൃതിദത്ത ആവാസങ്ങൾ പ്രകൃതിക്ക് ഭീഷണിയാകുന്ന ഇടപെടലുകൾ മനസ്സിലാക്കുക<br>ആവാസ വ്യവസ്ഥയുടെ നാശം പ്രകൃതി ദുരന്തങ്ങൾ<br>പ്രകൃതി നടത്തം<br>പരിസരമലിനീകരണം | ജൂൺ ജൂലായ് | ശാസ്ത്ര അധ്യാപിക | |
| | | എന്റെ രാജ്യം | ഭൂപട വായന<br>ഭൂപട രചന, സൂചികാ നിർമ്മാണം<br>കളർ ചെയ്യൽ<br>ദേശീയ മുദ്രകൾ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| | വർഗ്ഗീകരണം | | ചുറ്റുപാടുമുള്ള ജീലികളെ നിരീക്ഷിക്കുക<br>വിവിധതരം പക്ഷികൾ ആഹാരരീതി, വാസസ്ഥലം ശരീരത്തിലുള്ള ഒരേ നിറത്തിലുള്ള തൂവലുള്ള, പല നിറത്തിലുള്ള തൂവലുള്ളവ, അനുകൂലനങ്ങൾ | സെപ്തംബർ | ക്ലാസ് ടീച്ചർ സി.പി.ടി.എ. | |
| | ശാസ്ത്രപഠനം | പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനത്തിൽ എത്താനുള്ള കഴിവു നേടുന്നു. | പതിപ്പ്<br>ചാർട്ട്<br>പരീക്ഷണം<br>ആൽബം | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ | |

വിഷയം : പരിസരപഠനം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ | | പഠനോപകരണങ്ങൾ<br>ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണം<br>പൊതു സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ തിരിച്ചറിയുക<br>ഫീൽഡ് ട്രിപ്പ്<br>വിവരശേഖരണം | ഡിസംബർ | ക്ലാസ് ടീച്ചർ<br>സി.പി.ടി.എ | |
| | കലാകേരളം | | വിവിധതരം കലാരൂപങ്ങൾ<br>നാടൻ പാട്ടുകൾ<br>ശാസ്ത്രീയ സംഗീതം<br>മാപ്പിള പാട്ട്<br>തിരുവാതിരക്കളി | ജനുവരി | ക്ലാസ് ടീച്ചർ | |
| | വ്യക്തി ശുചിത്വം<br>പ്രഥമശുശ്രൂഷ | തിരിച്ചറിയൽ | വ്യക്തിശുചിത്വം, ക്ലാസ് റൂം ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.<br>വിവിധതരം അപകടങ്ങൾ ചർച്ച ചെയ്യുന്നു<br>പ്രഥമശുശ്രൂഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.<br>സ്കിറ്റ് അവതരണം | ജൂലൈ<br>മാർച്ച്<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | നിർമ്മാണം | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>ശാസ്ത്രമാസികകളുടെ നിർമ്മാണം<br>വർണ്ണക്കടലാസ്സുകൾ ഉപയോഗിച്ച് ജീവികളുടെ രൂപങ്ങൾ നിർമ്മിക്കുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ | |
| | | പൂന്തോട്ടം ഒരുക്കാം | സ്കൂൾ പൂന്തോട്ടം ഒരുക്കാം. | ജൂൺ<br>മാർച്ച് | | |

വിഷയം : ഗണിതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| | ജ്യാമിതി പാറ്റേണുകൾ | ജ്യാമിതിയിലെ അറിവുകളെ പ്രയോഗിക ജീവിതവുമായി ബന്ധപ്പെടുത്തുന്നതിന് | ആശംസകാർഡുകൾ തയ്യാറാക്കുന്നു. ജ്യാമിതി രൂപങ്ങളിലെ പാറ്റേണുകൾ കണ്ടെത്തി വെജിറ്റബിൾ പ്രിന്റിംങ്ങിലൂടെ അവതരിപ്പിക്കുന്നു. ഘനരൂപങ്ങൾ പരിചയപ്പെടൽ | ജൂൺ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| | സംഖ്യാ ബോധം നിർമ്മാണം | സംഖ്യാ ബോധം ഉറപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | കളിനോട്ടുകൾ, അബാക്കസ് എന്നിവയുടെ നിർമ്മാണം | ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| | സംഖ്യാബന്ധങ്ങളും, പ്രത്യേകതകളും | ഗണിതശേഷികളുടെ പ്രകടനത്തിന് അവസരം ഒരുക്കുന്നതിന് | പാറ്റേൺ, മാന്ത്രിക ചതുരം പസിൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ എസ്.ആർ.ജി | |
| | ചതുഷ്ക്രിയകൾ | ഗണിതപഠണം രസകരമാക്കൽ(ചതുഷ്ക്രിയകൾ ലളിതമാക്കൽ) | കണക്കുപെട്ടി തയ്യാറാക്കൽ<br>വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (കച്ചവടക്കളി, ഷൂട്ടിങ്ങ്.... മൂല്യനിർണ്ണയം) | ഒക്ടോബർ | ക്ലാസ് ടീച്ചർ സി.പി.ടി.എ. | |
| | നിർമ്മാണം | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ക്ലോക്ക് നിർമ്മാണം, അളവുപാത്രങ്ങൾ നിർമ്മാണം ത്രാസ്, മീറ്റർ സ്കെയിൽ | നവംബർ ഡിസംബർ | എസ്.ആർ.ജി സി.പി.ടി.എ | |
| | | ക്വിസ്, ഗണിത അറിവുകൾ എന്നിവയിൽ പ്രാവീണ്യം നേടുന്നത് | ഗണിത മാഗസിൻ തയ്യാറക്കൽ<br>പഠനോത്സവുമായി ബന്ധപ്പെട്ട് ഗണിതമേള സംഘടിപ്പിക്കൽ | ജനുവരി ഫെബ്രുവരി | സി.പി.ടി.എ. ക്ലാസ് ടീച്ചർ | |
| | പ്രദർശനം | ഗണിത വിഷയവുമായി ബന്ധപ്പെട്ട അറിവുകൾ അവതരിപ്പിക്കുന്നതിന് | | മാർച്ച് | പി.ടി.എ ക്ലാസ് ടീച്ചേഴ്സ് | |

# UP Section

വിഷയം : മലയാളം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ ശേഷി സാഹിത്യം | കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന | അക്ഷരങ്ങൾ എഴുതുവാനും വായിക്കാനും, കഥ, കവിത, ലഘുക്കുറിപ്പുകൾ തയ്യാറാക്കാനുള്ള പ്രവർത്തനം | ജൂൺ | അധ്യാപകർ | |
| 2 | വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നു | സാഹിത്യപരമായ കഴിവുകൾ കണ്ടെത്തുന്നു | പാഠഭാഗങ്ങളുമായി പാവനാടകം | വർഷം മുഴുവൻ | അധ്യാപകർ | |
| 3 | സാഹിത്യ ശേഷി | കുട്ടികളുടെ സാഹിത്യ ശേഷി ഉയർന്നതലത്തിൽ വളർത്താൻ | കുട്ടികൾ തയ്യാറാക്കിയ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു.<br>മാസിക തയ്യാറാക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| 4 | ഭാഷാപഠനം ലളിതവും ആകർഷണവും | കുട്ടികളിൽ ഭാഷാപരമായ താൽപര്യം വളർത്തൽ | കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാൻ ഭാഷാ ലാബ് തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ഭാഷാധ്യാപകർ | |
| 5 | ആധുനിക സാങ്കേതിക വിദ്യ | സാങ്കേതിക വിദ്യയുടെ സഹായത്താൽ പഠനം മെച്ചപ്പെടുത്തൽ | 5, 6, 7 ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഐ.സി.ടി. സാധ്യത കണ്ടെത്തി പഠനപ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ-ഫെബ്രുവരി | ഭാഷാധ്യാപകർ | |
| 6 | വായനാശീലം | കുട്ടികളുടെ വായനാശീലം വളർത്തൽ | ഓരോ മാസവും ഓരോ ഗ്രൂപ്പിനും ബുക്കുകൾ നൽകുന്നു. ക്വിസ് മത്സരങ്ങൾ നടത്തുന്ന വാർത്താവായന | ജൂലൈ-ഫെബ്രുവരി | ഭാഷാധ്യാപകർ | |

വിഷയം : മലയാളം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 7 | കലകളിലൂടെയുള്ള ഭാഷാപഠനം | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ സ്കൂളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | സ്കൂൾ | |
| 8 | സാഹിത്യകാരന്മാരെ പരിചയപ്പെടൽ | സാഹിത്യകൃതികളോടും സാഹിത്യക്കാരോടുമുള്ള അനുകൂല മനോഭാവം | സാഹിത്യകാരന്മാർ, എഴുത്തുകാർ എന്നിവരുമായി സംഭാഷണത്തിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | ഭാഷാധ്യാപകർ | |
| 9 | ഭാഷാശേഷി വികസനം | ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുക | പഠിതാക്കൾ തങ്ങളുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | ഭാഷാധ്യാപകർ | |
| 10. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം പദ സമ്പത്ത് വളർത്തൽ | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | സംവാദം/മുഖാമുഖം<br>എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | ഭാഷാധ്യാപകർ | |
| 11. | മാതൃഭാഷയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | കൂടുതൽ ഫലപ്രദവും ഉൾക്കാഴ്ചയോടുകൂടിയും വിവിധ പ്രവർത്തനങ്ങളിൽ മുന്നേറാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട് കൃഷി, മൃഗസംരക്ഷണം, പ്രവൃത്തി പരിചയം തുടങ്ങിയ പ്രവർത്തനങ്ങൾ<br>പാചക ശില്പശാല, കൈതൊഴിൽ, ക്യാമ്പുകൾ | വർഷം മുഴുവൻ | അധ്യാപകർ | |

വിഷയം : ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | അവലോകനം |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും<br>ചിത്രങ്ങൾ അക്ഷരമായി<br>ചാർട്ട് അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2 | ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനായി പരിശ്രമം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3 | നിത്യം കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ തിരിച്ചറിയൽ | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>ഐ.സി.ടി സഹായത്തോടെ വ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 4 | ഐ.ടി. സാധ്യത | ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി ആധുനികസാങ്കേതിക വിദ്യ ഉപയോഗിച്ച് കഥ, കവിത, ഡോക്യുമെന്ററി, വീഡിയോ കാണിക്കുന്നു. സമഗ്രപോർട്ടൽ ഉപയോഗപ്പെടുത്തി ആവശ്യമായവ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപക | |

വിഷയം : സംസ്കൃതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 1 | ഭാഷാവികസനം | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ അക്ഷരമാല | അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വരുത്തുന്നു. ടെസ്റ്റ് നടത്തി മികവുകളും, പരിമിതികളും കണ്ടെത്തുന്നു. | ജൂൺ മുതൽ ഫെബ്രു വരി വരെ | സംസ്കൃതം അധ്യാപിക | |
| 2 | വായന, ലേഖനം | അക്ഷരങ്ങളും, പദങ്ങളും ഉറപ്പിക്കൽ, പുസ്തകം വായിപ്പിക്കൽ | പരിമിതി പരിഹരിക്കുന്ന പ്രവർത്തനങ്ങൾ പചിപ്പ്, പോസ്റ്റർ, മാഗസിൻ | ജൂൺ മുതൽ ഫെബ്രു വരി വരെ | അധ്യാപിക | |
| 3 | നിത്യോപയോഗ വസ്തുക്കൾ പരിചയം | കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുന്നു | സംസ്കൃതത്തിൽ ദിനാചരണങ്ങൾ അസംബ്ലി,... | ജൂൺ മുതൽ ഫെബ്രു വരി വരെ | അധ്യാപിക | |
| 4 | സർഗാത്മക കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ | സർഗാത്മക കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ | സ്കൂൾതല മത്സരങ്ങൾ, കഥ, കവിത പ്രശ്നോത്തരി, പതിപ്പ്, പോസ്റ്റർ മാഗസിൻ | ജൂൺ മുതൽ ഫെബ്രു വരി വരെ | അധ്യാപിക | |
| 5 | സാങ്കേതിക വിദ്യാ (ഐ. ടി) | ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | ഐ.സി.ടി. സഹായത്താൽ സംസ്കൃതം, കഥ, കവിത, ജീവചരിത്രം, സിനിമ, ഡോക്യുമെന്ററി, വീഡിയോ, സമഗ്രപോർട്ടൽ ഉപയോഗപ്പെടുത്തി ആവശ്യമായവ പരിചയപ്പെടുത്തി കൊടുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |

വിഷയം : സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 1 | ഭൂപട വായന | പരിപൂർണ്ണമായ ഭൂപട വായന പരിചയപ്പെടുത്തുന്നു | ♦ കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുത്തുന്നു.<br>♦ ഐ.സി.ടി. യിൽ ജില്ലകൾ കണ്ടെത്തുന്ന പ്രവർത്തനം ചെയ്യുന്നു. (അനുരൂപീകരണ പ്രവർത്തനം)<br>♦ ഇന്ത്യയുടെ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു<br>♦ ലോകം വൻകരകൾ കണ്ടെത്തുന്നു | 4 മാസം | അധ്യാപകർ | |
| 2 | വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം | പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ധാരണ നൽകുക<br>പഴയകാല ഉപകരണങ്ങളെ കുറിച്ച് ധാരണ നൽകുക | ♦ പ്രാദേശിക ചരിത്ര രചന<br>♦ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>♦ മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>♦ വീടുകളിൽ പഴയക്കാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ശേഖരിക്കൽ | | | |
| 3 | ചരിത്രപ്രാധാന്യമുള്ള ദിനങ്ങളെ ആചരണം | ചരിത്ര പ്രധാന്യമുള്ള ദിങ്ങളെ അറിയൽ | ♦ ദിനാചരണം സംഘടിപ്പിക്കുക | | | |
| 4 | ഫീൽഡ് ട്രിപ്പ് | സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ♦ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിക്കുന്നു. സേവനം ചെയ്യുന്നു. | അക്കാദമിക വർഷം | അധ്യാപകർ | |

വിഷയം : അടിസ്ഥാനശാസ്ത്രം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര സർഗാത്മകത | ശാസ്ത്രസർഗാത്മകതയെക്കുറിച്ചുള്ള അറിവ് | ♦ സ്കൂൾ ശാസ്ത്ര ലൈബ്രറി<br>♦ വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ<br>♦ ശാസ്ത്രനാടകങ്ങൾ, പരീക്ഷണ കളരികൾ | 2025-26 | പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ സയൻസ് ക്ലബ്ബ് | |
| 2 | ജീവിതസാഹചര്യങ്ങളിൾ നിന്നും ഉള്ള ശാസ്ത്രബന്ധം | നിത്യജീവിതത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ♦ ജൈവ വൈവിധ്യ പാർക്ക്<br>♦ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം ഇവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാർക്ക് | 2025-26 | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 3 | ശാസ്ത്ര പ്രക്രിയാ ശേഷി നിലവാരം | ശാസ്ത്ര പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | ♦ സ്കൂൾ സയൻസ് ലാബ് ശാക്തീകരണം<br>♦ വിഭവശേഖരണം<br>♦ എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം | എല്ലാ വർഷവും | പി.ടി.എ., എം.പി.ടി.എ., സയൻസ് ക്ലബ്ബ് | |
| 4 | ശാസ്ത്ര മനോഭാവം | കുട്ടികളിലെ ശാസ്ത്രീയ മനോഭാവം വളർത്തുക | ♦ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ<br>♦ പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുക്കൊണ്ട് ചിത്രങ്ങൾ വരയ്ക്കുന്നു. | 2024-25 | സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ | |

വിഷയം : അടിസ്ഥാനശാസ്ത്രം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| 5 | ആധുനിക സാങ്കേതികവിദ്യ | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തുന്നു. | ♦ ഐ.സി.ടി.യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്ര, വിഡീയോ പ്രദർശനം | 2024-25 | സയൻസ് അധ്യാപകർ |
| 6 | ഗവേഷണ തല്പരത | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ ഉത്സുകത വർദ്ധിപ്പക്കൽ | ♦ സയൻസ് എക്സിബിഷൻ, പ്ലാനിറ്റോറിയം ഇവ കാണാനും പങ്കെടുക്കാനുമുള്ള അവസരം നൽകുന്നു. | 2024-25 | സയൻസ്ക്ലബ്ബ് അധ്യാപകർ വിദഗ്ദർ |
| 7 | പഠന നേട്ടങ്ങളിൽ കുട്ടികളെ അർഹരാക്കുക | 5,6,7 ക്ലാസുകളിൽ മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കൽ | ♦ 5,6,7 ക്ലാസുകളിൽ മുഴുവൻ പാഠഭാഗങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീറ്റ് തയ്യാറാക്കുന്നു.<br>♦ നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു.<br>♦ ഉപകരണ നിർമ്മാണ ശില്പശാല നടത്തി ക്ലാസ്സിൽ ലാബ് സജ്ജീകരിക്കുന്നു. | വർഷം മുഴുവൻ | സയൻസ് അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ |
| 8 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | വിദ്യാർത്ഥികളെ തൊഴിലിന്റെ മഹത്വത്തെക്കുറിച്ച് മനസ്സിലാക്കാൻ | ♦ ജാം, സ്ക്വാഷ് ഇവയുടെ നിർമ്മാണം<br>♦ കൃഷിയോട് ആഭിമുഖ്യം വളർത്തുന്ന പ്രവർത്തനങ്ങൾ<br>♦ കരകൗശല പ്രവർത്തനങ്ങൾ<br>♦ ഭിന്നശേഷിക്കാർക്കായി വിവിധ ലഘുപ്രവർത്തനങ്ങൾ, വിഡീയോ പ്രദർശനം ഇവ നടത്തുന്നു. | വർഷം മുഴുവൻ | കുട്ടികൾ രക്ഷിതാക്കൾ അധ്യാപകർ |

| Sl No | Focus | Aim | Activities | Duration | Charge | Remarks |
| --- | --- | --- | --- | --- | --- | --- |
| 1 | Listening | To develop the listening skill of the student | • Give opportunity to the students to listen English news daily.<br>• Motivational thoughts and moral stories provided through assembly. Through assembly will enhance the listening skill.<br>• Chance to listen rhythmic poems and animations stories will also increase the thirst of listening English. (For IEDC students) | June to July | Class Teacher | |
| 2 | Speaking | To encourage students to speak English without fear. | • Engage the students in interesting word games, action songs, tongue twisters etc.<br>• Self-Introduction – Find a great personality through given clues, riddles etc. to be given to the children.<br>• Literary association can be conducted in English (skits, conversations etc.). | August to October | Teachers and PTA | |
| 3 | Reading | To enhance the reading skill of the student | • Newspaper and library books reading (ICT facility can be utilised for backward students and IEDC students.)<br>• Prepare book review and film review<br>• Picture description (for IEDC students )<br>• Find out the difference in presentation style of news, stories, description, and Auto biography. | November & December | Class teacher and Librarian | |

| | | | | | | |
|---|---|---|---|---|---|---|
| 4 | Writing | Develop the creative writing skill of students | • Make word web<br>• Prepare questionnaire for an interview.<br>• Preparation of dairy, letter, posters, invitations, notices etc.<br>• Preparation of a magazine including the products of pupils and conduct it as a great function. | January to March | Teacher | |
| 5 | Improve English language through various games | To engage students in various games | • Follow me if you can give practice to do activities through commands<br>• Treasure hunt - find description in various rooms about hiding objects.(for IEDC Students)<br>• Missing man – try to find a man or woman by giving clues. | | | |
| 6 | Social activities | To mingle the students with society | • Arrange skit in corners of the locality<br>• Also conduct street play<br>• Give chance to conduct an interview with celebrities | Throughout the year | Teachers and Old students | |
| | | | As a part of work education preparing students by giving the activities like fabric painting, finding the type of the material of the cloth ,fashion designing etc. | Throughout the year | Teachers and Old students | |

വിഷയം : ഗണിതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 1 | ചതുഷ്ക്രിയകൾ | പ്രശ്നപരിഹരണം | ◆ ഗണിതകേളികൾ<br>◆ പാറ്റേണുകൾ<br>◆ പ്രായോഗിക പ്രശ്നങ്ങൾ | | ഗണിത അധ്യാപകർ | |
| 2 | ജ്യാമിതി | ജ്യാമിതീ രൂപങ്ങൾ തിരിച്ചറിയുന്നു | ◆ രൂപങ്ങൾ പട്ടികപ്പെടുത്തൽ<br>◆ ഐ.സി.ടി. സാധ്യതകളിലൂടെയുള്ള പഠനം | ആദ്യടേം | | |
| 3 | ആസ്വാദനം | ഗണിതപ്രതിഭകളെ കണ്ടെത്തൽ | ◆ പദസൂര്യൻ, കുസൃതികണക്കുകൾ, പസിലുകൾ, ബുള്ളറ്റിൻ ബോർഡ്, ഗണിതമാഗസിൻ എന്നിവ നൽകുന്നു.<br>◆ അനുരൂപീകരണ പ്രവർത്തനം<br>◆ ആസ്വാദനത്തിനുതകുന്ന വീഡിയോകളുടെ പ്രവർത്തനം | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| 4 | ഗണിത പ്രവർത്തനങ്ങൾ | ഗണിത നൈപുണി വളർത്തൽ | ◆ വളരുന്ന ഗണിത ചാർട്ട്<br>◆ ഗണിത നിഘണ്ടു<br>◆ വർക്ക് ഷീറ്റുകൾ<br>◆ ഭിന്നശേഷിക്കാർക്കായി കളികൾ വീഡിയോകൾ തുടങ്ങിയവ | ജൂലൈ ഫെബ്രുവരി | ഗണിത അധ്യാപകർ | |
| 5 | ക്ലബ്ബ് പ്രവർത്തനങ്ങൾ | ഗണിത ബോധം വളർത്തുക | ◆ ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, പസിലുകൾ, ജ്യാമിതീയ പാറ്റേണുകൾ, സ്റ്റിൽ മോഡലുകൾ എന്നിവ നിർമിച്ച് പ്രദർശിപ്പിക്കുന്നു. | | ക്ലാസ് അധ്യാപകർ | |

വിഷയം : ഗണിതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | അവലോകനം |
|---|---|---|---|---|---|---|
| 6 | നിർമാണം | ഗണിതരൂപങ്ങൾ | ♦ ഗണിതമേളകൾ പ്രദർശിപ്പിക്കുന്നു.<br>♦ ഗണിത രൂപത്തിലും രൂപങ്ങൾ ഉൾക്കൊള്ളുന്നതുമായ പെൻസ്റ്റാന്റ്, കരകൗശലവസ്തുക്കൾ, അലങ്കാര വസ്തുക്കൾ എന്നിവയുടെ നിർമാണം. | | ക്ലാസ് അധ്യാപകർ | |
| 7 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | സ്വയം പര്യാപ്തത നേടാനുള്ള അവസരം | ♦ വിപണനസാധ്യതയുള്ള വസ്തുക്കളുടെ നിർമാണം<br>♦ വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾ | സെപ്തംബർ മുതൽ നവംബർ വരെ | ക്ലാസ് അധ്യാപകർ ഗണിത അധ്യാപകർ | |